പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2546 **28-10-2026-ൽ മറുപടിയ്ക്ക്**

പട്ടിക വർഗ്ഗ വകുപ്പ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന വർക്കുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ജി. സ്റ്റീഫൻ

മറുപടി നൽകിയ മന്ത്രി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പട്ടിക വർഗ്ഗ വകുപ്പ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന മരാമത്ത് പണികൾ പൂർത്തീകരിച്ച ശേഷം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം വിശദമായി പരിശോധിച്ച് അയയ്ക്കുന്ന ബില്ലുകൾ വീണ്ടും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലെ എഞ്ചിനീയറിംഗ് വിഭാഗം പരിശോധിക്കുന്നതു മൂലം പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും, കരാറുകാർക്ക് യഥാസമയത്ത് തുക അനുവദിക്കുന്നതിനും കാലതാമസം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മറുപടി: പട്ടികവർഗ്ഗ വികസന വകുപ്പ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചശേഷം, തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം വിശദമായി പരിശോധിച്ച് സമർപ്പിക്കുന്ന ബില്ലുകൾ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലെ എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച ശേഷമാണ് പാസാക്കി തുക അനുവദിക്കുന്നത്. ഇത്തരത്തിൽ പരിശോധന നടത്തുന്നതിലൂടെ ബില്ലുകളിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനും അപാകതകൾ കണ്ടെത്തി പരിഹരിക്കുന്നതിനും സാധിക്കുന്നുണ്ട്. പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും കരാറുകാർക്ക് കാലതാമസം കൂടാതെ തുക അനുവദിക്കുന്നതിനും വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ